# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22-01-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരു ദിവസത്തെ സന്ദർശനത്തിനായി നാളെ തിരുവനന്തപുരത്ത് എത്തും. വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിക്കും.

   Prime Minister Narendra Modi will arrive in Thiruvananthapuram tomorrow for a one-day visit. The Prime Minister will launch various development projects.

2. ഇന്ത്യ-യൂറോപ്യൻ യൂണിയൻ ബന്ധം ശക്തമാകുന്നതോടെ ലോക സമ്പദ് വ്യവസ്ഥയിലെ പ്രതിസന്ധികൾ കുറയുമെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ.

   External Affairs Minister S Jaishankar said that as the India-European Union relations strengthens, crises in the world economy will decrease.

3. ശബരിമല സ്വർണ്ണ അപഹരണക്കേസിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് കേരള നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. ഗവർണറുടെ നയപ്രഖ്യാപനത്തിൻമേലുള്ള നന്ദി പ്രമേയ ചർച്ച ചൊവ്വാഴ്ച തുടരും.

   The Kerala Assembly has been adjourned for today following the opposition uproar over the Sabarimala gold theft case. The discussion on the motion of thanks on the Governor's address.

4. കഴിഞ്ഞ പതിറ്റാണ്ടിനിടെ ഇന്ത്യയുടെ സമുദ്രോൽപ്പന്ന കയറ്റുമതി മൂല്യം ഇരട്ടിയായി വർദ്ധിച്ചതായി കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ്.

   **Union Minister Rajiv Ranjan Singh said that the value of India's seafood exports has doubled in the last decade.**

5. ജമ്മു കശ്മീരിലുണ്ടായ വാഹനാപകടത്തിൽ പത്ത് ഇന്ത്യൻ സൈനികർക്ക് വീരമൃത്യു. പരിക്കേറ്റ സൈനികർക്ക് മികച്ച ചികിത്സ ഉറപ്പാക്കാൻ നിർദ്ദേശം നൽകിയതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് .

   **Ten Indian soldiers lost their lives in an accident in Jammu and Kashmir. Defense Minister Rajnath Singh said that instructions have been given to ensure better treatment to the injured soldiers.**

6. ഐക്യരാഷ്ട്ര സുരക്ഷാ സമിതി പരിഷ്കരണം വൈകുന്നത് മനുഷ്യരാശിയുടെ ദുരിതം വർദ്ധിപ്പിക്കാൻ കാരണമാകുമെന്ന് ഇന്ത്യ ഉൾപ്പെട്ട ജി4 കൂട്ടായ്മ.

   **The G4 group, which includes India, calls for early action on UNSC reform, warns delay risks more human suffering.**

&&&&&&&&&&&&&&&&&

## PM VISIT ARRANGEMENTS (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരു ദിവസത്തെ കേരള സന്ദർശനത്തിനായി നാളെ തിരുവനന്തപുരത്ത് എത്തും. പുത്തരിക്കണ്ടം മൈതാനിയിൽ രണ്ടു വ്യത്യസ്ത പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും.

വിശദാംശങ്ങളിലേക്ക്.........

(വോയ്സ്)

തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ വിവിധ വികസന പദ്ധതികളുടെ തറക്കല്ലിടലും ഉദ്ഘാടനവും പ്രധാനമന്ത്രി നിർവ്വഹിക്കും. മൂന്ന് അമൃത് ഭാരത് എക്സ്പ്രസ് ട്രെയിനുകളും ഒരു പാസഞ്ചർ ട്രെയിനും ഉൾപ്പെടെ നാല് പുതിയ ട്രെയിൻ സർവീസുകൾ പ്രധാനമന്ത്രി നാളെ തിരുവനന്തപുരത്ത്

ഫ്ലാഗ് ഓഫ് ചെയ്യും. നഗര ഉപജീവനമാർഗ്ഗങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, തെരുവ് കച്ചവടക്കാർക്ക് വേണ്ടിയുള്ള 'പിഎം സ്വനിധി ക്രെഡിറ്റ് കാർഡ്' അദ്ദേഹം പുറത്തിറക്കും. യുപിഐയുമായി ബന്ധിപ്പിച്ചിട്ടുള്ള പലിശരഹിത ക്രെഡിറ്റ് സൗകര്യം കച്ചവടക്കാർക്ക് പെട്ടെന്നുള്ള പണലഭ്യത ഉറപ്പാക്കുകയും ഡിജിറ്റൽ ഇടപാടുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. തിരുവനന്തപുരത്തെ സിഎസ്ഐആർ-എൻഐഐഎസ് ടി ഇന്നൊവേഷൻ, ടെക്നോളജി ആൻഡ് എന്റർപ്രണർഷിപ്പ് ഹബ്ബിന്റെ തറക്കല്ലിടൽ നിർവ്വഹിക്കുന്ന പ്രധാനമന്ത്രി ശ്രീചിത്രയിൽ അത്യാധുനിക റേഡിയോ സർജറി സെന്ററിനും നാളെ തറക്കല്ലിടും. കൂടാതെ, തിരുവനന്തപുരത്തെ പുതിയ പൂജപ്പുര ഹെഡ് പോസ്റ്റ് ഓഫീസും ശ്രീ നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും.

**ന്യൂസ് ഡെസ്ക് ആകാശവാണി............**

പുതിയ ട്രെയിൻ സർവീസുകൾ പ്രധാനമന്ത്രി തിരുവനന്തപുരത്ത് ഫ്ലാഗ് ഓഫ് ചെയ്യുന്നതോടെ തമ്പാനൂർ റെയിൽവേ സ്റ്റേഷനിൽ കേന്ദ്ര സഹമന്ത്രി രവനീത് സിംഗ് ബിട്ടു ചടങ്ങിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## GURUVAYUR – THRISSUR RAIL SERVICE

കോവിഡ് പ്രതിസന്ധിയെത്തുടർന്ന് നിർത്തിവെച്ചിരുന്ന ഗുരുവായൂർ-തൃശ്ശൂർ റെയിൽ സർവീസ് നാളെ മുതൽ പുനരാരംഭിക്കുന്നു. നാളെ പ്രധാനമന്ത്രി ഓൺലൈൻ ആയി ഉദ്ഘാടനം ചെയ്യുന്നതോടെ 10.30 ന് തൃശ്ശൂർ റെയിൽവേ സ്റ്റേഷനിൽ വച്ച് കേന്ദ്രമന്ത്രി സുരേഷ് ഗോപി ഫ്ലാഗ് ഓഫ് ചെയ്യും. യാത്രക്കാരുടെ ഏറെ നാളത്തെ ആവശ്യമാണ് റെയിൽവേ നടപ്പാക്കുന്നത്.

&&&&&&&&&&&&&&&&&&

## JAISHANKAR– EU

ഇന്ത്യ-യൂറോപ്യൻ യൂണിയൻ ബന്ധം ശക്തമാകുന്നതോടെ ലോക സമ്പദ് വ്യവസ്ഥയിലെ പ്രതിസന്ധികൾ കുറയുമെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. ന്യൂഡൽഹിയിൽ യൂറോപ്യൻ

യൂണിയൻ രാജ്യങ്ങളുടെ അംബാസിഡർമാരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. ആഗോള തലത്തിൽ സുസ്ഥിരതയും സുരക്ഷയും ഉറപ്പാക്കാൻ ഇതിലൂടെ സാധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## INDIA-EU

പ്രതിരോധ-സുരക്ഷാ മേഖലയിൽ നയതന്ത്ര പങ്കാളിത്തം ശക്തിപ്പെടുത്താൻ ഒരുങ്ങി ഇന്ത്യയും- യൂറോപ്യൻ യൂണിയനും. ന്യൂഡൽഹിയിൽ അടുത്തയാഴ്ച നടക്കുന്ന ഇ.യു-ഇന്ത്യ ഉച്ചകോടിയിൽ പുതിയ സുരക്ഷാ, പ്രതിരോധ പങ്കാളിത്തത്തിൽ ഇരുവരും ഒപ്പുവയ്ക്കും. ഫ്രാൻസിലെ സ്ട്രാസ്ബർഗിൽ യൂറോപ്യൻ പാർലമെന്റിനെ അഭിസംബോധന ചെയ്യവേ യൂറോപ്യൻ യൂണിയൻ വിദേശകാര്യനയ മേധാവി കാജ കല്ലാസാണ് ഇക്കാര്യം പറഞ്ഞത്. ഇൻഡോ-പസിഫിക് മേഖലയിൽ സ്ഥിരത ഉറപ്പാക്കാനും സമുദ്ര സുരക്ഷ, ഭീകരവാദത്തിനെതിരായ പോരാട്ടം, തുടങ്ങിയ മേഖലകളിലെ സഹകരണം മെച്ചപ്പെടുത്താനും കരാർ സഹായകരമാകുമെന്ന് അവർ പറഞ്ഞു.

&&&&&&&&&&&&&&&&&&

## NIYAMASABHA

ശബരിമല സ്വർണ്ണ അപഹരണക്കേസിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് കേരള നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. സഭ തുടങ്ങിയപ്പോൾ ചരമോപചാര നടപടികളുമായി സഹകരിച്ച പ്രതിപക്ഷം ശബരിമല വിഷയം ചൂണ്ടിക്കാട്ടി ബാനറുകളുമായി സഭയുടെ നടുത്തളത്തിലിറങ്ങി പ്രതിഷേധിക്കുകയായിരുന്നു. ഇതോടെ സ്പീക്കർ കാര്യപരിപാടികൾ വേഗം പൂർത്തിയാക്കി സഭ പിരിച്ചുവിടുകയായിരുന്നു. ഗവർണറുടെ നയപ്രഖ്യാപനത്തിൻമേലുള്ള നന്ദി പ്രമേയ ചർച്ചക്കും ഇന്ന് തുടക്കമായി. സഭ ഇനി ചൊവ്വാഴ്ച ചേരും.

&&&&&&&&&&&&&&&&&&

## SABARIMALA

ശബരിമല സ്വർണ അപഹരണക്കേസിൽ കേസിൽ എൻ. വാസുവിൻ്റെ ജാമ്യാപേക്ഷ സുപ്രീം കോടതി തള്ളി. ജസ്റ്റിസ് ദീപാങ്കർ ദത്ത അധ്യക്ഷനായ ബെഞ്ചാണ് ജാമ്യ അപേക്ഷ പരിഗണിച്ചത്. ക്രമക്കേട് നടക്കുന്ന സമയത്ത് ചുമതലയിലുണ്ടായിരുന്ന ആളാണ് എൻ വാസുവെന്ന് സുപ്രീംകോടതി നിരീക്ഷിച്ചു. കേസിലെ മറ്റൊരു പ്രതി മുരാരി ബാബുവിന്റെ ജാമ്യഹർജിയിൽ കൊല്ലം വിജിലൻസ് കോടതി നാളെ വിധി പറയും. കസ്റ്റഡിയിൽ ലഭിച്ച തന്ത്രി കണ്ഠരര് രാജീവരരെ പ്രത്യേക അന്വേഷണസംഘം ഇന്ന് ചോദ്യം ചെയ്യു. തന്ത്രിയുടെ ജാമ്യാപേക്ഷ കോടതി ഈമാസം 28 ന് പരിഗണിക്കും.

&&&&&&&&&&&&&&&&&

## SC-BASANT PANCHAMI

മധ്യപ്രദേശിലെ ധാർ ജില്ലയിൽ തർക്കം നിലനിൽക്കുന്ന ഭോജ് ശാല-കമൽ മൗല പള്ളിയിൽ നാളെ ബസന്ത് പഞ്ചമി പ്രാർത്ഥനകൾ നടത്താൻ ഹിന്ദുകൾക്ക് സുപ്രീം കോടതി അനുമതി നൽകി. അതേസമയം ഉച്ചയ്ക്ക് 1 മണി മുതൽ 3 മണി വരെ ജുമാ നമസ്കാരം നടത്താൻ മുസ്ലീങ്ങൾക്കും അനുമതി നൽകിയിട്ടുണ്ട്. ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ സംരക്ഷണയിൽ ഉള്ള ഭോജ് ശാല-കമൽ മൗല പള്ളി പതിനൊന്നാം നൂറ്റാണ്ടിൽ സരസ്വതി ക്ഷേത്രമായിരുന്നെന്ന് ഹിന്ദുക്കളും കമൽ മൗല പള്ളിയാണെന്ന് മുസ്ലീം സമൂഹവും കണക്കാക്കുന്നു. നിലവിൽ ചൊവ്വാഴ്ചകളിൽ ഹിന്ദുക്കൾ ഭോജ് ശാല പരിസരത്ത് പൂജ നടത്തുകയും വെള്ളിയാഴ്ചകളിൽ മുസ്ലീങ്ങൾ 'നമസ്കാരം' നടത്തുകയും ചെയ്യുന്ന തരത്തിലാണ് ക്രമീകരണം. ബസന്ത് പഞ്ചമിയും സരസ്വതി പൂജയും വെള്ളിയാഴ്ച വന്നതിനാലാണ് ഇരു കൂട്ടരും മതപരമായ പ്രവർത്തനങ്ങൾക്ക് അനുമതി തേടി കോടതിയെ സമീപിച്ചത്. ക്രമസമാധാന ക്രമീകരണങ്ങൾ ഒരുക്കാൻ ജില്ലാ ഭരണകൂടത്തോടും കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&

## RAMDAS ATHWALE

സാമൂഹിക നീതി രംഗത്തെ കേന്ദ്ര സർക്കാരിൻ്റെ ശക്തമായ ഇടപ്പെടലാണ് വനിത സംവരണമെന്ന് കേന്ദ്ര സഹമന്ത്രി രാംദാസ് അത് വാലെ പറഞ്ഞു. കോഴിക്കോട് ജില്ലയിൽ സാമൂഹികനീതിവകുപ്പിൻ്റെ പ്രവർത്തനങ്ങളുടെ അവലോകന യോഗത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വികസന രംഗത്തും കേന്ദ്ര സർക്കാർ മുന്നോട്ട് പോവുകയാണെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&&&

## VIZHINJAM

വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമാണ ഉദ്ഘാടനം ഈ മാസം 24-നു മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുമെന്ന് മന്ത്രി വി എൻ വാസവൻ. ചടങ്ങിൽ കേന്ദ്ര തുറമുഖവകുപ്പ് മന്ത്രി സർബാനന്ദ സോനോവാൾ മുഖ്യതിഥിയായിരിക്കും. വിഴിഞ്ഞത്തെ ഇന്ത്യയിലെ ഏറ്റവും വലിയ ട്രാൻസ്ഷിപ്മെൻറ് ഹബ് ആക്കാനാണ് ശ്രമമെന്ന് അദ്ദേഹം വാർത്താസമ്മേളനത്തിൽ അറിയിച്ചു.

&&&&&&&&&&&&&&&&&&

## DODA-ACCIDENT

ജമ്മു കശ്മീരിലെ ദോഡ ജില്ലയിലുണ്ടായ വാഹനാപകടത്തിൽ പത്ത് ഇന്ത്യൻ സൈനികർക്ക് ജീവൻ നഷ്ടമായി. 11 പേർക്ക് പരിക്കേറ്റു. ഭദർവ-ചംബ അന്തർസംസ്ഥാന പാതയിലെ ഒൻപതിനായിരം അടി ഉയരമുള്ള ഖാനി ടോപ്പിൽ നിന്ന് സൈനിക ട്രക്ക് കൊക്കയിലേക്ക് മറിയുകയായിരുന്നു.

ഗുരുതരമായി പരിക്കേറ്റ പത്ത് സൈനികരെ വിദഗ്ധ ചികിത്സയ്ക്കായി ഉധംപൂരിലെ കമാൻഡ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പരിക്കേറ്റ സൈനികർക്ക് മികച്ച ചികിത്സ ഉറപ്പാക്കാൻ ആവശ്യമായ എല്ലാ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ടെന്ന് രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ് അറിയിച്ചു.

&&&&&&&&&&&&&&&&&&

## Rajiv Ranjan Singh

കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ ഇന്ത്യയുടെ സമുദ്രോൽപ്പന്ന കയറ്റുമതി മൂല്യം ഇരട്ടിയായി വർദ്ധിച്ചതായി കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ്. ന്യൂഡൽഹിയിൽ നടന്ന സീഫുഡ് കയറ്റുമതി പ്രോത്സാഹനത്തെക്കുറിച്ചുള്ള വട്ടമേശ സമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. കേന്ദ്ര സഹമന്ത്രിമാരായ ജോർജ് കുര്യൻ, എസ്. പി. സിംഗ് ബാഗേൽ എന്നിവരും സന്നിഹിതരായിരുന്നു. ഇന്ത്യയുടെ സമുദ്രോൽപ്പന്ന കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും ആഗോള വിപണിയിൽ പുതിയ പങ്കാളിത്തങ്ങൾ കണ്ടെത്തുന്നതിനും സമ്മേളനം ലക്ഷ്യമിടുന്നു.

&&&&&&&&&&&&&&&&&

## PRAGATI (INTRO)

രാജ്യത്ത് സമയബന്ധിതമായ പദ്ധതിനിർവഹണം ഉറപ്പാക്കുന്നതിന് 2015-ൽ പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ച പ്രഗതി സംരംഭം 50-ാമത് അവലോകന യോഗമെന്ന സുപ്രധാന നാഴികക്കല്ല് പിന്നിട്ടു. ഈ സംരംഭത്തിന്റെ ഫലപ്രാപ്തിയുടെ മികച്ച ഉദാഹരണങ്ങളിൽ ഒന്നാണ് അഹമ്മദാബാദ് മെട്രോ റെയിൽ പദ്ധതി.

ഒരു റിപ്പോർട്ട്...

(വോയ്സ്)

ഗുജറാത്തിലെ ഏറ്റവും വലിയ മെട്രോപൊളിറ്റൻ മേഖലയായ അഹമ്മദാബാദിൽ കാര്യക്ഷമവും സുസ്ഥിരവുമായ നഗര യാത്രാ സംവിധാനം ഒരുക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ഭവന, നഗരകാര്യ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ ഈ പദ്ധതി 40.03 കിലോമീറ്റർ വ്യാപിച്ചുകിടക്കുന്നു. 2018 ഏപ്രിൽ 25 ന് പ്രഗതി സംവിധാനത്തിന് കീഴിൽ പദ്ധതി ആദ്യമായി അവലോകനം ചെയ്തു. പ്രഗതിയുടെ മേൽനോട്ടത്തിൽ ബ്ലൂ, റെഡ് ലൈനുകൾ ഉൾപ്പെടെ ഒന്നാം ഘട്ടത്തിന്റെ ഭൂരിഭാഗവും 2022 സെപ്റ്റംബർ 30-ന് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യുകയും 2022 ഒക്ടോബർ ആദ്യം പൊതുസേവനത്തിനായി തുറന്നുകൊടുക്കുകയും ചെയ്തു.

ന്യൂസ് ഡെസ്ക് ആകാശവാണി.....

&&&&&&&&&&&&&&&&&

## G4 nations

ഐക്യരാഷ്ട്ര സുരക്ഷാ സമിതി പരിഷ്കരിക്കുന്നത് സംബന്ധിച്ച മാതൃക, ജി4 രാജ്യങ്ങൾ അവതരിപ്പിച്ചു. സുരക്ഷാ സമിതിയിലെ പരിഷ്കാരങ്ങൾ വൈകുന്നത് മനുഷ്യരാശിയുടെ ദുരിതവും കഷ്ടപ്പാടുകളും വർദ്ധിപ്പിക്കാൻ കാരണമാകുമെന്ന് ജി4 കൂട്ടായ്മ മുന്നറിയിപ്പ് നൽകി. ന്യൂയോർക്കിലെ ഐക്യരാഷ്ട്രസഭാ ആസ്ഥാനത്ത് ഇന്നലെ നടന്ന 'സുരക്ഷാ കൗൺസിൽ പരിഷ്കരണത്തിനായുള്ള ചർച്ചകളിൽ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി. ഹരീഷ് ആണ് ഈ പ്രസ്താവന നടത്തിയത്.

&&&&&&&&&&&&&&&&&

## JHARKHAND-MAOISTS ENCOUNTER

ഝാർഖണ്ഡിലെ പടിഞ്ഞാറൻ സിംഗ്ഭം ജില്ലയിൽ മാവോയിസ്റ്റും സുരക്ഷാ സേനയും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ 10 മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. സർക്കാർ ഒരു കോടി രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്ന മാവോയിസ്റ്റ് നേതാവ് പഥീറാം മാഞ്ചിയും കൊല്ലപ്പെട്ടവരിൽ ഉൾപ്പെടുന്നു.

&&&&&&&&&&&&&&&&&

## REV IAF- PRESS BRIEF

ഈ വർഷത്തെ റിപ്പബ്ലിക് ദിന പരേഡിൽ പ്രതിരോധ സേനകളുടെ നിരയെ ഇന്ത്യൻ വ്യോമസേന നയിക്കുമെന്ന് ഡയറക്ടറേറ്റ് ഓഫ് സെറിമണീസ് എയർ കൊമോഡോർ ഇമ്രാൻ സൈദി ന്യൂഡൽഹിയിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു. ഈ വർഷത്തെ വ്യോമസേനയുടെ ആദരസമർപ്പണ ചടങ്ങിന് സ്ക്വാഡ്രൺ ലീഡർ ഹേമന്ത് സിംഗ് കന്യാർ നേതൃത്വം നൽകും. ഏഴ് യുദ്ധവിമാനങ്ങൾ അണിനിരക്കുന്ന ഫ്ലൈപാസ്റ്റിൽ ഓപ്പറേഷൻ സിന്ദൂർ ആയിരിക്കും പ്രധാന ആശയമെന്ന് വ്യോമസേന അറിയിച്ചു.

&&&&&&&&&&&&&&&&&

## REPUBLIC DAY PARADE

2026 ലെ റിപ്പബ്ലിക് ദിന പരേഡിൽ 'വന്ദേമാതരത്തിന്റെ 150 വർഷങ്ങൾ' എന്ന പ്രമേയത്തിലെ ടാബ്ലോ സാംസ്കാരിക മന്ത്രാലയം

അവതരിപ്പിക്കും. ഇത് ഇന്ത്യയുടെ നാഗരിക സ്മരണ, കൂട്ടായ ബോധം, സാംസ്കാരിക നൈരന്തര്യം എന്നിവയുടെ സജീവ രൂപമായ ദേശീയ ഗീതത്തിനെ ആവിഷ്കരിക്കും. സംസ്കാരമെന്നത് റിപ്പബ്ലിക്കിന്റെ ഒരു അലങ്കാരമല്ല, മറിച്ച് അതിന്റെ നിതാന്ത ആത്മാവാണെന്ന് പ്രമേയത്തെക്കുറിച്ച് വിശദീകരിച്ച സാംസ്കാരിക മന്ത്രാലയ സെക്രട്ടറി വിവേക് അഗർവാൾ അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&